# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2863

15.12.2015 ൽ മറുപടിയ്ക്ക്

**ക്യാമ്പസുകളിലെ ആഘോഷങ്ങൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.സി.ദിവാകരൻ** | **ശ്രീ. പി.കെ. അബ്ദുറബ്ബ് (ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| എ) ക്യാമ്പസുകളിലെ ആഘോഷങ്ങൾ പലപ്പോഴും അപകടങ്ങൾക്കും മറ്റ് ദുരിതങ്ങൾക്കും കാരണമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | എ) ക്യാമ്പസുകളിലെ അക്രമങ്ങളും ദുരന്തങ്ങളും നിയന്ത്രിക്കുന്നതിനും, ഭാവിയിൽ ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കുന്നതിനും വേണ്ടി സർക്കാരിന്റെ നിർദ്ദേശാനുസരണം കോളേജ് അധികൃതരുടെയും, വിദ്യാർത്ഥി സംഘടനാ നേതാക്കളുടെയും, അദ്ധ്യാപക രക്ഷകർതൃ സമിതിയുടെയും യോഗങ്ങൾ ചേരുകയും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. മേൽ നിർദ്ദേശങ്ങൾ സംബന്ധിച്ച് ഉന്നതതല സമിതി വിശദമായി ചർച്ച ചെയ്യുകയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും No.26483/G1/15/ഉ.വി.വ തീയതി 12/10/2015 പ്രകാരം ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. (സർക്കുലർ അനുബന്ധമായി ചേർത്തിരിക്കുന്നു) ഇത് എല്ലാ സ്ഥാപനമേധാവികൾക്കും അയച്ചുകൊടുക്കുകയും, ആയതിലെ നിയമാവലികളും, കാര്യങ്ങളും പാലിക്കുവാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനെതിരെ പല വിദ്യാർത്ഥി സംഘടനകളും കോടതിയെ സമീപിച്ചെങ്കിലും ആയത് തള്ളുകയും ബഹു. കോടതി സർക്കാർ നിലപാടിനെ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്